സഹകരണ ബാങ്ക് ജീവനക്കാരുടെ ശമ്പളപരിഷ്കരണം

72 [1397] *ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ:*
,, *ടി. യു. രാധാകൃഷ്ണൻ:*
,, *പി. ജെ. ജോയി:*
,, *വർക്കല കഹാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ സഹകരണ ബാങ്ക് ജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ചുകൊണ്ട് ഉത്തരവായോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഈ പരിഷ്കരണംവഴി ജീവനക്കാർക്ക് എന്ത് തുകയുടെ ആനുകൂല്യം കിട്ടും?

ഉത്തരം

(എ) 21-6-2005-ലെ സർക്കാർ ഉത്തരവ് (ആർ‌റ്റി.) നം. 145/05/സഹ. പ്രകാരം ജില്ലാ സഹകരണബാങ്ക് ജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ച് ഉത്തരവായിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) ഈ പരിഷ്കരണംവഴി ജീവനക്കാർക്ക് കുറഞ്ഞത് 700 രൂപയുടെയും പരമാവധി 5000 രൂപയുടെയും ആനുകൂല്യം ഉണ്ടാകും.

സഹകരണ ജീവനക്കാർക്ക് പെൻഷൻ

73 [1398] *ശ്രീ. പി. ജെ. ജോയി:*
,, *ബി. വിജയകുമാർ:*
,, *വി. ഡി. സതീശൻ:*
,, *കെ. മോഹൻകുമാർ:*
പ്രൊഫ. എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ജീവനക്കാർക്ക് പെൻഷൻ നൽകുന്നതിനുള്ള ചട്ടങ്ങൾ പ്രസിദ്ധീകരിച്ചുവോ; എങ്കിൽ എന്നുമുതലാണ് അത് നിലവിൽവരുന്നത്;

(ബി) പെൻഷൻ കൊടുക്കുന്നതിനുള്ള തുക എവിടെനിന്നാണ് ലഭിക്കുന്നത്;

(സി) ഈ പദ്ധതിയിൽ അംഗമാകുന്നതിനുള്ള വ്യവസ്ഥ എന്തെല്ലാമാണ്?

† അനുബന്ധം IV.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 14-3-1995-ലെ ജി. ഒ. (പി) 44/95/സഹ. നമ്പർ ഉത്തരവുപ്രകാരമുള്ള പെൻഷൻ ചട്ടങ്ങൾക്ക് 3-6-1993 മുതലാണ് പ്രാബല്യം നൽകിയിരുന്നത്. തുടർന്ന് 24-3-2003-ലെ ജി. ഒ. (പി) 58/03/ സഹ. നമ്പർ ഉത്തരവുപ്രകാരം 1-1-1974-ലും 3-6-1993-നും ഇടയിൽ വിരമിച്ച ജീവനക്കാരിൽ ജീവിച്ചിരിക്കുന്നവർക്കുകൂടി പെൻഷൻ പദ്ധതി ബാധകമാക്കിയിട്ടുണ്ട്. കൂടാതെ, 29-4-2005-ലെ ജി. ഒ. (പി) 103/05/സഹ. നമ്പർ ഉത്തരവുപ്രകാരം പ്രത്യേക പെൻഷൻ പദ്ധതി സംസ്ഥാന/ജില്ലാ സഹകരണ ബാങ്കുകളിലെ ജീവനക്കാർക്കുവേണ്ടി ആവിഷ്കരിച്ചിട്ടുണ്ട്. ആയതിന് 1-4-2005 മുതൽ പ്രാബല്യം നൽകുകയും 1-4-1993-നും 31-3-2005-നും ഇടയിൽ വിരമിച്ച ജീവനക്കാർക്ക് പദ്ധതിയിൽ ചേരുന്നതിന് ഓപ്ഷൻ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, 1-1-1974-നും 31-3-1993-നും ഇടയിൽ വിരമിച്ചവരിൽ ജീവിച്ചിരുന്നവർക്കും പെൻഷൻ നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി) ഓരോ സംഘവും ജീവനക്കാരന്റെ അടിസ്ഥാന ശമ്പളത്തിന്റെയും ക്ഷാമബത്തയുടെയും 8.33% പെൻഷൻ ഫണ്ടായി പെൻഷൻ ബോർഡിലേക്ക് അടയ്ക്കണം. പ്രസ്തുത തുക ജില്ലാ സഹകരണബാങ്കിൽ സ്ഥിരനിക്ഷേപം നടത്തി ആയതിന് ലഭിക്കുന്ന പലിശകൂടി ഉപയോഗിച്ചാണ് ഇപ്പോൾ പെൻഷൻ നൽകി വരുന്നത്.

(സി) 1969-ലെ സഹകരണനിയമപ്രകാരം രജിസ്റ്റർ ചെയ്ത എല്ലാ പ്രാഥമിക സഹകരണ സംഘങ്ങളിലെയും (ഇ. പി. എഫ്.-ന്റെ പരിധിയിൽ വരാത്ത) ജീവനക്കാർക്ക് 1994-ലെ സ്വാശ്രയ പെൻഷൻ പദ്ധതിയിൽ അംഗമാകുന്നതിന് അർഹതയുണ്ട്. 2005-ലെ പദ്ധതിപ്രകാരം സംസ്ഥാന ജില്ലാ സഹകരണ ബാങ്കിലെ അനുവദിച്ച തസ്തികകളിൽ സ്ഥിരമായി ശമ്പളസ്കെയിലിൽ മുഴുവൻ സമയം ജോലി ചെയ്തിരുന്നവർക്ക് പെൻഷന് അർഹതയുണ്ട്.

പെൻഷൻ പദ്ധതിയിൽ ചേരുന്നതിനായി ഓരോ സംഘവും പെൻഷൻ ബോർഡിലേക്ക് അപേക്ഷ സമർപ്പിക്കുകയും ആയതിനുശേഷം പെൻഷൻ ബോർഡിന്റെ ബന്ധപ്പെട്ട ജില്ലാ വെരിഫിക്കേഷൻ ഓഫീസർ സംഘത്തിൽ ചെന്ന് പരിശോധന നടത്തി, സർവ്വീസ് ബുക്ക്, അക്കിറ്റൻസ് റോൾ, മറ്റ് നിയമനരേഖകൾ എന്നിവ പരിശോധിച്ച് പെൻഷൻ ഫണ്ട് കണക്കാക്കി സംഘത്തിന് ഡിമാന്റ് നോട്ടീസ് നൽകുകയും ചെയ്യുന്നു. പ്രസ്തുത തുക അടച്ചതിനുശേഷം സംഘത്തെ പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി സംഘത്തിനും ജീവനക്കാരനും വെവ്വേറെ കോഡ് നമ്പർ അലോട്ട്ചെയ്തുകൊണ്ട് സ്വാശ്രയ പെൻഷൻ പദ്ധതിയിൽ അംഗമാക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly